മലയാള മനോരമ

15.01.2020



ഗാന്ധിഭവനിൽ തുടങ്ങിയ 'മനുഷ്യ നന്മയ്ക്കായി മാതൃസ്മരണ പദ്ധതി' ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യുന്നു.

# മാതൃസ്മരണ പദ്ധതിക്ക് ഗാന്ധിഭവനിൽ തുടക്കം

പത്തനാപുരം● മാതാവിന്റെ ഓർമയിൽ വികാരാധീനയായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഗാന്ധിഭവനിൽ ആരംഭിച്ച 'മനുഷ്യ നന്മയ്ക്കായി മാതൃ സ്മരണ പദ്ധതി' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അനാഥാലയങ്ങളിലെ അമ്മമാരുടെ അവസ്ഥ പ്രതിപാദിച്ചപ്പോഴാണ് തന്റെ മാതാവിന്റെ കഠിന പ്രയത്നങ്ങളുടെ ഓർമ അദ്ദേഹം പങ്കിട്ടത്.

മുരളിയ ഫൗണ്ടേഷൻ ചെയർമാൻ കെ.മുരളീധരൻ അധ്യക്ഷത വഹിച്ചു. പ്രധാനമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ടി. കെ.എ.നായർ, ജസ്റ്റിസ് ബി.കെമാൽ പാഷ, വനിതാ കമ്മിഷൻ അംഗം ഷാഹിദ കമാൽ, മേഘാലയ സർക്കാർ ഉപദേശകൻ സി .വി.ആനന്ദബോസ്, സന്തോഷ് ജോർജ് കുളങ്ങര, ആർ.ശ്രീകണ്ഠൻ നായർ, സോഹൻ റോയി എന്നിവർ പ്രസംഗിച്ചു.

മാതൃഭൂമി

15.01.2020

# സ്ത്രീകൾ അപമാനിക്കപ്പെടുന്നയിടങ്ങളിൽ വികസനം പാഴാകും-ഗവർണർ

**പത്തനാപുരം ▸** സ്ത്രീകൾ അപമാനിക്കപ്പെടുന്നയിടങ്ങളിൽ വികസനം പാഴാകുമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അഭിപ്രായപ്പെട്ടു. പത്തനാപുരം ഗാന്ധിഭവനിൽ നടന്ന മനുഷ്യനന്മയ്ക്കായി മാതൃസ്മരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭാവിതലമുറയെ വാർത്തെടുക്കുന്നതിൽ അമ്മമാരോളം പങ്കുവഹിക്കുന്ന മറ്റാരുമില്ല. വിദ്യാഭ്യാസമേഖലയിലും ആരോഗ്യമേഖലയിലുമെല്ലാം കേരളം ഏറെ മുന്നിലാണ്. അതുപോലെ എടുത്തുപറയേണ്ടതുതന്നെയാണ് കേരളീയരുടെ നന്മയും സ്നേഹവും.

ജീവകാരുണ്യമേഖലയിൽ വിസ്മയിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് കേരളത്തിൽ കണ്ടത്. നിസ്സഹായരെ സഹായിക്കുന്നത് ജീവിതശൈലിയായിക്കണ്ട ജനതയാണ് ഈ നാട്ടിലേത്. മറ്റ് സംസ്ഥാനങ്ങൾ മാതൃകയാക്കേണ്ടതാണിത്.

സ്ത്രീകളെയും അവശ ജനവിഭാഗങ്ങളെയും സഹായിക്കുന്നതിലും കേരളം കാട്ടുന്ന മാതൃക പിന്തുടരപ്പെടേണ്ടതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മലയാളത്തിലാണ് ഗവർണർ പ്രസംഗം ആരംഭിച്ചത്. നിറഞ്ഞ കൈയടികളോടെയാണ് സദസ്സ് ഗവർണറുടെ വാക്കുകൾ കേട്ടിരുന്നത്. മാതാപിതാ ഗുരുദൈവം എന്ന സന്ദേശത്തിന്റെ മഹത്വം ഉൾക്കൊള്ളണമെന്ന് ഉപദേശിക്കാനും അദ്ദേഹം മറന്നില്ല.



**സ്നേഹപ്പൂക്കൾ** ...പത്തനാപുരം ഗാന്ധിഭവനിൽ മാതൃസ്മരണ പദ്ധതി ഉദ്ഘാടനം ചെയ്യുന്നതിനും പുരസ്കാര വിതരണത്തിനുമായി എത്തിയ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ പനിനീർ പൂക്കൾ നൽകി സ്വീകരിക്കുന്ന അന്തേവാസികളായ കുഞ്ഞുങ്ങൾ. പുനലൂർ സോമരാജൻ സമീപം

യോഗത്തിൽ ഗാന്ധിഭവൻ മുഖ്യരക്ഷാധികാരി കെ.മുരളീധരൻ അധ്യക്ഷനായിരുന്നു.

പ്രധാനമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ.നായർ, വനിതാ കമ്മിഷൻ അംഗം ഷാഹിദാ കമാൽ എന്നിവർ പ്രസംഗിച്ചു. ഗാന്ധിഭവൻ ഏർപ്പെടുത്തിയ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ സത്യമേവജയതേ ദേശീയ പുരസ്കാരം ജസ്റ്റിസ് കെമാൽ പാഷ, കെ.ആർ.നാരായണൻ പുരസ്കാരം മേഘാലയ സർക്കാരിന്റെ ഉപദേഷ്ടാവ് ഡോ. സി.വി. ആനന്ദബോസ്, ഡോ. എ.പി.ജെ.അബ്ദുൽ കലാം വേൾഡ് പ്രൈസ് സന്തോഷ് ജോർജ് കുളങ്ങര, ടി.വി.ആർ.ഷേണായി നാഷണൽ മീഡിയ അവാർഡ് ആർ. ശ്രീകണ്ഠൻ നായർ, സത്യൻ നാഷണൽ അവാർഡ് സോഹൻ റോയി എന്നിവർക്ക് ഗവർണർ കൈമാറി.

അവാർഡ് ജേതാക്കളുടെ സംഗമത്തിൽ ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ആർ.ചന്ദ്രശേഖരൻ, പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള, ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ തുടങ്ങിയവർ പങ്കെടുത്തു.

മാതൃഭൂമി

15.01.2020



പത്തനാപുരം ഗാന്ധിഭവനിൽ മാതൃസ്മരണ പദ്ധതി കേരള ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ഉദ്ഘാടനം ചെയ്യുന്നു. സന്തോഷ് ജോർജ് കുളങ്ങര, കെ.മുരളീധരൻ, ഷാഹിദ കമാൽ, ജസ്റ്റിസ് ബി.കെമാൽ പാഷ, ടി.കെ.എ.നായർ, സി.വി.ആനന്ദബോസ്, ആർ.ശ്രീകണ്ഠൻ നായർ, സോഹൻ റോയ്, പുനലൂർ സോമരാജൻ തുടങ്ങിയവർ സമീപം

കേരളകൗമുദി 15.01.2020



പത്തനാപുരം ഗാന്ധിഭവൻ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന 'മനുഷ്യനന്മയ്ക്കായി മാതൃസ്മരണ' പദ്ധതി ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ഉദ്ഘാടനം ചെയ്യുന്നു

# കേരള സമൂഹത്തിൽ സഹതാപവും കരുണയും ഏറെ പ്രകടം: ഗവർണർ

പത്തനാപുരം: മറ്റുള്ളവരോട് കരുണയും സഹതാപവും കാട്ടുന്നവരാണ് കേരള സമൂഹമെന്ന് സംസ്ഥാന ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ജനങ്ങളുടെ കൂട്ടായ്മ വളരെ വലുതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പത്തനാപുരം ഗാന്ധിഭവൻ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന 'മനുഷ്യനന്മയ്ക്കായി മാതൃസ്മരണ' പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എല്ലാവരും സ്വന്തം ചുമതലകൾ നിർവഹിക്കുകയും അതുവഴി മറ്റുള്ളവർക്ക് വഴികാട്ടിയാവുകയും ചെയ്യണം. സ്വയം അറിവുള്ളവരാവണമെന്നും അദ്ദേഹം ഉപദേശിച്ചു. ഗാന്ധിഭവൻ മനുഷ്യസ്നേഹത്തിനായി പകർന്നുതരുന്ന പാഠം വളരെ വലുതാണ്. സമത്വവും സാഹോദര്യവുമാണ് ഇവിടെ ദർശിക്കാൻ കഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു.

മലയാളത്തിലാണ് ഗവർണർ സദസ്യരെ അഭിസംബോധന ചെയ്തത്. തുടർന്ന് പ്രസംഗം ഇംഗ്ലീഷിലായി. രണ്ടു മണിക്കൂറിലേറെ അദ്ദേഹം ഗാന്ധിഭവനിൽ ചെലവഴിച്ചു.

അന്തേവാസികളെയെല്ലാം വാസസ്ഥലത്തു ചെന്നുകണ്ട് കുശലം പറഞ്ഞും അവരോടൊത്ത് ഫോട്ടോയെടുത്തും അദ്ദേഹം കുടുംബാംഗമായി മാറി.

മുരളീയ ഫൗണ്ടേഷൻ ചെയർമാൻ കെ. മുരളീധരൻ അദ്ധ്യക്ഷത വഹിച്ചു. ഗാന്ധിഭവൻ ഏർപ്പെടുത്തിയ ദേശീയ അവാർഡുകൾ ജസ്റ്റിസ് ബി. കെമാൽ പാഷ, മേഘാലയ സർക്കാരിന്റെ ഉപദേഷ്ടാവ് ഡോ. സി.വി. ആനന്ദബോസ്, ഫ്ളവേഴ്സ് ടി.വി എം.ഡി ആർ. ശ്രീകണ്ഠൻ നായർ, സഫാരി ടി.വി സ്ഥാപകൻ സന്തോഷ് ജോർജ് കുളങ്ങര, ചലച്ചിത്ര സംവിധായകൻ സോഹൻ റോയി എന്നിവർക്ക് ഗവർണർ സമ്മാനിച്ചു.

മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ. നായർ, വനിതാകമ്മിഷൻ അംഗം ഡോ. ഷാഹിദ കമാൽ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ജേർണലിസം വിഭാഗം മുൻ മേധാവി മാടവന ബാലകൃഷ്ണപിള്ള, ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജൻ എന്നിവർ സംസാരിച്ചു.

മാധ്യമം 15.01.2020

# കേരളത്തിലെ ജനങ്ങളുടെ കൂട്ടായ്മ വളരെ വലുതാണ് –ഗവർണർ




*ഗാന്ധിഭവൻ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന 'മനുഷ്യനന്മക്കായി മാതൃസ്മരണ' പദ്ധതിയുടെ ഉദ്ഘാടനം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിക്കുന്നു*

**പത്തനാപുരം:** ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ജനങ്ങളുടെ കൂട്ടായ്മ വളരെ വലുതാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.

ഗാന്ധിഭവൻ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന 'മനുഷ്യനന്മക്കായി മാതൃസ്മരണ' പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സഹതാപത്തിൻെറയും കരുണയുടെയും ഭാവമാണ് കേരള സമൂഹത്തിൽ കൂടുതൽ ഉള്ളത്. എല്ലാത്തിൻെറയും ലക്ഷ്യം അറിവ് നേടുക എന്നതാണെന്നും അദ്ദേഹം പറഞ്ഞു. മുരളീയ ഫൗണ്ടേഷൻ ചെയർമാൻ കെ. മുരളീധരൻ അധ്യക്ഷത വഹിച്ചു. ഗാന്ധിഭവൻ ഏർപ്പെടുത്തിയ ദേശീയ അവാർഡുകൾ ജസ്റ്റിസ് ബി. കെമാൽപാഷ, മേഘാലയ സർക്കാർ ഉപദേഷ്ടാവ് ഡോ. സി.വി. ആനന്ദബോസ്, ഫ്ലവേഴ്സ് ടി.വി എം.ഡി ആർ. ശ്രീകണ്ഠൻ നായർ, സഫാരി ടി.വി സ്ഥാപകൻ സന്തോഷ് ജോർജ് കുളങ്ങര, ചലച്ചിത്ര സംവിധായകൻ സോഹൻ റോയി എന്നിവർക്ക് ഗവർണർ സമ്മാനിച്ചു. മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ. നായർ, വനിത കമീഷൻ അംഗം ഡോ. ഷാഹിദ കമാൽ, മഹാത്മാഗാന്ധി യൂനിവേഴ്സിറ്റി ജേണലിസം വിഭാഗം മുൻ മേധാവി മാടവന ബാലകൃഷ്ണപിള്ള എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

2020 ജനുവരി
15
ബുധൻ 01 മകരം 1195

സ്ഥാപകൻ
എം.സി.വർഗീസ്

# മംഗളം

www.mangalam.com

കോട്ടയം . കൊച്ചി . കോഴിക്കോട് . തിരുവനന്തപുരം . തൃശൂർ . ഇടുക്കി . കണ്ണൂർ

● 12 പേജ് ● വില 6.50 രൂപ തിരുവനന്തപുരം



ഊരാളുങ്കലിന് പോലീസ് ഡേറ്റാബേസ് ലഭ്യമാക്കില്ല

കുറ്റവാളികളുടെ വിവരങ്ങൾ അടക്കമുള്ള ഡേറ്റാബേസ് കൈമാറാനുള്ള ഉത്തരവ് ഡി.ജി.പി. ലോക്നാഥ് ബെഹ്റ തിരുത്തി

05



07

ആസാദ് പ്രതിഷേധിച്ചത് പാകിസ്താൻ മണ്ണിലാണോ?

ഭീം ആർമി നേതാവ് ചന്ദ്രശേഖർ ആസാദിനെ അറസ്റ്റ് ചെയ്ത നടപടിയിൽ ഡൽഹി പോലീസിന് കോടതിയുടെ രൂക്ഷവിമർശനം

11

ഇരട്ടപ്രഹരത്തിൽ നാണംകെട്ടു

ഓസ്ട്രേലിയക്കെതിരേ മുംബൈയിൽ നടന്ന ഒന്നാം ഏകദിനത്തിൽ ഇന്ത്യയ്ക്കു വമ്പൻ തോൽവി





■ പത്തനാപുരം ഗാന്ധിഭവൻ ഏർപ്പെടുത്തിയ സത്യൻ ദേശീയ പുരസ്കാരം ചലച്ചിത്ര സംവിധായകനും കവിയും ഏരീസ് ഗ്രൂപ്പ് സ്ഥാപക ചെയർമാനുമായ സോഹൻ റോയ് ഗവർണർ ആരിഫ് മുഹമ്മദ് ഖാനിൽ നിന്ന് ഏറ്റുവാങ്ങുന്നു.

## സത്യൻ ദേശീയ പുരസ്കാരം സോഹൻ റോയിക്ക് സമ്മാനിച്ചു

കൊല്ലം: പത്തനാപുരം ഗാന്ധിഭവൻ ഏർപ്പെടുത്തിയ സത്യൻ ദേശീയ പുരസ്കാരം ചലച്ചിത്ര സംവിധായകനും കവിയും ഏരീസ് ഗ്രൂപ്പ് സ്ഥാപക ചെയർമാനുമായ സോഹൻ റോയ് ഏറ്റുവാങ്ങി. ഇന്നലെ വൈകീട്ട് നാലിന് ഗാന്ധിഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പുരസ്കാരം സോഹൻ റോയ്ക്ക് സമ്മാനിച്ചു.

ലോക ചലചിത്ര മേഖലയ്ക്കു സോഹൻ റോയ് നൽകിയ സമഗ്ര സംഭാവന കണക്കിലെടുത്താണ് അവാർഡ്. എഴുപതിനായിരം കോടി രൂപയുടെ പ്രൊജക്ടായ ഇൻഡിവുഡിന്റെ സ്ഥാപക ഡയറക്ടറായ സോഹൻ റോയ്. ഇന്ത്യൻ സിനിമകളെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ഉദ്യമത്തിൽ അദ്ദേഹത്തിന്റെ പരിശ്രമം ഇന്ത്യൻ സിനിമാ മേഖലക്കു തന്നെ മാതൃകയാണ്.

15
ബുധൻ
ജനുവരി, 2020
1195 മകരം 1
പേജ് 16 വില ₹7.50
കൊല്ലം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം
കോട്ടയം | തൃശൂർ | മലപ്പുറം | പാലക്കാട് | ആലപ്പുഴ
www.deshabhimani.com
facebook.com /deshabhimani
@DBIDaily
kollam@deshabhimani.com

ദേശാഭിമാനി
ESTD. 1942

05 വാഹനനികുതിയിലും കൈയിട്ടുവാരാൻ കേന്ദ്രം
07 വിമാനദുരന്തം: ഇറാനിൽ ഉദ്യോഗസ്ഥർ അറസ്റ്റിൽ

ഇന്ത്യയിൽ ഇപ്പോൾ സംഭവിക്കുന്നത് ദുഃഖകരമാണ്. ഇത് മോശമാണ്. ബംഗ്ലാദേശ് കുടിയേറ്റക്കാരൻ ഇന്ത്യയിലേക്ക് വരികയോ ഇൻഫോസിസ് സിഇഒ ആകുന്നതോ കാണാൻ ഞാൻ കൊതിക്കുന്നു

സത്യ നാദെല്ല
മൈക്രോസോഫ്റ്റ് സിഇഒ

07

# ‘മനുഷ്യനന്മയ്ക്കായി മാതൃസ്മരണ’ പദ്ധതി തുടങ്ങി



പത്തനാപുരം ഗാന്ധിഭവനിൽ മനുഷ്യനന്മയ്ക്കായി മാതൃസ്മരണ പദ്ധതി ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ ഉദ്ഘാടനംചെയ്യുന്നു

**പത്തനാപുരം**

ഗാന്ധിഭവന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന ‘മനുഷ്യനന്മയ്ക്കായി മാതൃസ്മരണ’ പദ്ധതി ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ ഉദ്ഘാടനംചെയ്തു. മുരളീയ ഫൗണ്ടേഷൻ ചെയർമാൻ കെ മുരളീധരൻ അധ്യക്ഷനായി.

ഗാന്ധിഭവൻ ഏർപ്പെടുത്തിയ ദേശീയ അവാർഡുകൾ ജസ്റ്റിസ് ബി കെമാൽ പാഷ, മേഘാലയ സർക്കാർ ഉപദേഷ്ടാവ് ഡോ. സി വി ആനന്ദബോസ്, ഫ്ലവേഴ്സ് ടിവി എംഡി ആർ ശ്രീകണ്ഠൻനായർ, സഫാരി ടിവി സ്ഥാപകൻ സന്തോഷ് ജോർജ് കുളങ്ങര, ചലച്ചിത്ര സംവിധായകൻ സോഹൻ റോയി എന്നിവർക്ക് ഗവർണർ സമ്മാനിച്ചു. മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടികെഎ നായർ, വനിത കമീഷൻ അംഗം ഷാഹിദാ കമാൽ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ജേർണലിസം വിഭാഗം മുൻ മേധാവി മാടവന ബാലകൃഷ്ണപിള്ള, ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ എന്നിവർ സംസാരിച്ചു. ഗവർണർ രണ്ടു മണിക്കൂറിലേറെ ഗാന്ധിഭവനിൽ ചെലവഴിച്ചു.




ജന്മഭൂമി
Janmabhumi, The National Daily in Malayalam Since 1975
2020 ജനുവരി 15 ബുധൻ
1195 മകരം 1
കൊച്ചി . കോഴിക്കോട് . കോട്ടയം . തിരുവനന്തപുരം . കണ്ണൂർ . തൃശൂർ . ബെംഗളൂരു . കൊല്ലം
www.janmabhumidaily.com
വില ₹7.50 . 16 പേജ്
കൊല്ലം






# ഗാന്ധിഭവൻ പകരുന്ന പാഠം വളരെ വലുത്: ഗവർണർ



ഗാന്ധിഭവനിലെത്തിയ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കുരുന്നുകൾ നൽകിയ റോസാ പുഷ്പങ്ങൾ ഏറ്റുവാങ്ങുന്നു. സെക്രട്ടറി പുനലൂർ സോമരാജൻ സമീപം

**പത്തനാപുരം:** ഗാന്ധിഭവൻ മനുഷ്യസ്നേഹത്തിനായി പകർന്നുതരുന്ന പാഠം വളരെ വലുതാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. സമത്വവും സഹോദര്യവുമാണ് ഇവിടെ ദർശിക്കാൻ കഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു. ഗാന്ധിഭവൻ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന മനുഷ്യനന്മയ്ക്കായി മാതൃസ്മരണ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യജീവിതത്തിന്റെ ലക്ഷ്യം അറിവുനേടുകയാണ്. സഹതാപത്തിന്റെയും കരുണയുടെയും ഭാവമാണ് കേരള സമൂഹത്തിൽ കൂടുതലുള്ളത്. ഇവിടുത്തെ ജനങ്ങളുടെ കൂട്ടായ്മ വളരെ വലുതാണെന്നും അദ്ദേഹം പറഞ്ഞു. മലയാളത്തിലാണ് ഗവർണർ സദസ്യരെ അഭിസംബോധന ചെയ്തത്. തുടർന്ന് പ്രസംഗം ഇംഗ്ലീഷിലേക്കു മാറ്റി. രണ്ടു മണിക്കൂറിലേറെ അദ്ദേഹം ഗാന്ധിഭവനിൽ ചെലവഴിച്ചു. അന്തേവാസികളെയെല്ലാം വാസസ്ഥലത്തു ചെന്ന് കണ്ട് കുശലം പറഞ്ഞും അവരോടൊത്ത് ഫോട്ടോയെടുത്ത് കുടുംബാംഗമായി മാറി.

മുരളീയ ഫൗണ്ടേഷൻ ചെയർമാൻ കെ. മുരളീധരൻ അധ്യക്ഷനായി. ഗാന്ധിഭവൻ ഏർപ്പെടുത്തിയ ദേശീയ അവാർഡുകൾ ജസ്റ്റിസ് ബി. കെമാൽ പാഷ, മേഘാലയ സർക്കാർ ഉപദേഷ്ടാവ് ഡോ. സി.വി. ആനന്ദബോസ്, ഫ്ളവേഴ്സ് ടിവി എംഡി ആർ. ശ്രീകണ്ഠൻനായർ, സഫാരി ടിവി സ്ഥാപകൻ സന്തോഷ് ജോർജ് കുളങ്ങര, സംവിധായകൻ സോഹൻ റോയി എന്നിവർക്ക് ഗവർണർ സമ്മാനിച്ചു.

മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ. നായർ, വനിതാകമ്മീഷൻ അംഗം ഡോ. ഷാഹിദ കമാൽ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ജേർണലിസം വിഭാഗം മുൻമേധാവി മാടവന ബാലകൃഷ്ണപിള്ള, ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജൻ എന്നിവർ സംസാരിച്ചു.